**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 693** **09-06-2021 - ൽ മറുപടിയ്ക്ക്**

**കാലപ്പഴക്കമുള്ള ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri Roshy Augustine (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാലപ്പഴക്കമുള്ള ജലവിതരണ പൈപ്പുകൾ സ്ഥിരമായി പൊട്ടുന്നതും കുടിവെള്ളം വലിയ തോതിൽ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാലപ്പഴക്കമുള്ള ജലവിതരണ പൈപ്പുകൾ പൊട്ടുന്നത് കാരണം കുടിവെള്ളം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ; | (ബി) | നിലവിൽ അമൃത്, കിഫ്ബി, Sustainability Support to Community Managed Water Supply Scheme എന്നീ പദ്ധതികൾ വഴി പൊട്ടിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | ബാലുശ്ശേരി മണ്ഡലത്തിൽ കായണ്ണ ഗ്രാമപഞ്ചായത്തിലെ കായണ്ണ - കൈതക്കൊല്ലി റോഡിൽ ജലവിതരണ പൈപ്പുകൾ സ്ഥിരമായി പൊട്ടുന്നതും ജലം പാഴാവുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ബാലുശ്ശേരി മണ്ഡലത്തിൽ കായണ്ണ ഗ്രാമപഞ്ചായത്തിലെ കായണ്ണ കൈതക്കൊല്ലി റോഡിൽ പി. ഡബ്ല്യൂ ഡി റോഡ് പുനരുദ്ധാരണത്തിന്റെ ഭാഗമായി പൈപ്പ് ലൈനുകൾ തകരാറിലായിട്ടുണ്ട്. ഇത് മാറ്റി സ്ഥാപിക്കുന്നതിന് പി. ഡബ്ല്യൂ ഡി അധികൃതരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ